പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ 2863

19.06.2014 -ൽ മറുപടിയ്ക്ക്

വിലവിവരപ്പട്ടിക പ്രദർശിപ്പിക്കുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. അച്യുതൻ<br>ശ്രീ. ബെന്നി ബെഹനാൻ<br>ശ്രീ. എം.പി.വിൻസെന്റ്<br>ശ്രീ. ആർ. സെൽവരാജ് | ശ്രീ.അനൂപ് ജേക്കബ്<br>(ഭക്ഷ്യവും പൊതുവിതരണവും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് കമ്പോള നിലവാരം, വിലവിവരപ്പട്ടിക എന്നിവ കടകളിൽ പ്രദർശിപ്പിക്കുന്നുണ്ടോ എന്ന് പരിശോധിക്കാൻ എന്തെല്ലാം സംവിധാനമാണ് നിലവിലുള്ളത്; വിശദമാക്കുമോ; | (എ) സംസ്ഥാനത്തെ കടകളിൽ വിലവിവര പ്പട്ടിക പ്രദർശിപ്പിക്കുന്നുണ്ട് എന്ന് ഉറപ്പ വരുത്തുന്നതിനായി പരിശോധനകളും, റെയ്ഡുകളും നടത്തി വരുന്നു. സിവിൽ സപ്ലൈസ് വകുപ്പ് ഉദ്യോഗസ്ഥർ മാത്രമായും, പോലീസ്, ആരോഗ്യം, റവന്യൂ, ലീഗൽ മെട്രോളജി, നികുതി വകുപ്പുകളുമായി ചേർന്നും ഹോട്ടലുകളിലും, പൊതു കമ്പോളങ്ങളിലെ ചില്ലറ മൊത്ത വ്യാപാര ശാലകളിലും നിരന്തരം പരിശോധന നടത്തുകയും, നിയമ ലംഘനം നടത്തുന്നവർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. ഇവ ഉറപ്പ വരുത്തുന്നതിനായി സിവിൽ സപ്ലൈസ് വകുപ്പ്, പോലീസ്, ആരോഗ്യം, ലീഗൽ മെട്രോളജി, നികുതി എന്നീ വകുപ്പുകളുമായി ചേർന്ന് ജില്ലാ- സംസ്ഥാന തലത്തിൽ സംയുക്ത സമിതി രൂപീകരിച്ച് പരിശോധന നടത്തുകയും ചെയ്യുന്നു. |
| (ബി) ഇവ പ്രദർശിപ്പിക്കാത്ത കടയുടമകൾക്കെതിരെ നിലവിൽ എന്തെല്ലാം നിയമനടപടികളാണ് സ്വീകരിച്ചുവരുന്നത് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (ബി) നിയമലംഘനം നടത്തുന്നവർക്കെതിരെ 1977-ലെ Kerala Food Stuffs (Display of prices by catering establishment) order, Kerala Essential Commodities (Maintenance of Accounts and Display of Prices and Stocks) order എന്നിവ പ്രകാരം നടപടി സ്വീകരിക്കുന്നു. |
| (സി) കമ്പോള നിലവാരം, വിലവിവര പ്പട്ടിക എന്നിവ പ്രദർശിപ്പിക്കുന്നത് പരിശോധിക്കാൻ കർശന നടപടി സ്വീകരിക്കുമോ ;<br>(ഡി) ഇതിനായി ഭരണതലത്തിൽ എന്തെല്ലാം സംവിധാനമാണ് ഏർപ്പെടുത്താനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ നൽകുമോ ? | (സി) യും (ഡി) യും. അനഭിലഷണീയമായ കച്ചവട രീതികൾക്കും, ചൂഷണങ്ങൾക്കും തടയിടുക എന്ന ലക്ഷ്യത്തോടുകൂടി ഭക്ഷ്യ പൊതുവിതരണ ഉപഭോക്തൃകാര്യ വകുപ്പ് ഇൻസ്പെക്ഷൻ സ്ക്വാഡുകൾ രൂപീകരി ച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ